# കേരള സർവകലാശാല

നം.പി.ആർ.166/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

മൂന്നാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൾപ്ചർ) ഡിഗ്രി പരീക്ഷ ആഗസ്റ്റ് 6 ന് ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം സെപ്റ്റംബർ 5 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ആന്വൽ സ്കീം സപ്ലിമെന്ററി, ന്യൂ സ്കീം (2013 അഡ്മിഷൻ മുതൽ) ഓൾഡ് സ്കീം (2013 അഡ്മിഷനു മുമ്പ്), മേഴ്സി ചാൻസ് പരീക്ഷകളുടെയും സെപ്റ്റംബർ 19 ന് ആരംഭിക്കുന്ന രണ്ടാം വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ആന്വൽ സ്കീം സപ്ലിമെന്ററി, ന്യൂ സ്കീം (2013 അഡ്മിഷൻ മുതൽ) ഓൾഡ് സ്കീം (2013 അഡ്മിഷനു മുമ്പ്), മേഴ്സി ചാൻസ് പരീക്ഷകളുടേയും വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ് ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ.

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.വോക് (സോഫ്റ്റ് വെയർ ഡെവലപ്മെന്റ്) (2016 അഡ്മിഷൻ റെഗുലർ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയക്കും പുനർമൂല്യനിർണ്ണയത്തിനും ആഗസ്റ്റ് 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

സി.ബി.സി.എസ്.എസ് 2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ് (2016 അഡ്മിഷൻ റഗുലർ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ.

### പരീക്ഷാ കേന്ദ്രങ്ങൾ

ആഗസ്റ്റ് 1 ന് ആരംഭിക്കുന്ന ബി.എസ്.സി (ആന്വൽ സ്കീം) സബ്സിഡിയറി വിഷയങ്ങൾക്കുള്ള മേഴ്സി ചാൻസ് പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജ്, കൊല്ലം എസ്.എൻ കോളേജ്, ആലപ്പുഴ എസ്.ഡി കോളേജ് എന്നിവ മാത്രമായിരിക്കും പരീക്ഷാ കേന്ദ്രങ്ങൾ.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, നീറമൺകര എൻ.എസ്.എസ് കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ തിരുവനന്തപുരം ആർട്സ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

വർക്കല എസ്.എൻ കോളേജ്, കായംകുളം എം.എസ്.എം കോളേജ് എന്നിവ പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

## അറബി വിഭാഗം പൂർവ്വ വിദ്യാർത്ഥി സംഗമം

സർവകലാശാലയുടെ അറബി വിഭാഗത്തിൽ എം.എ, എം.ഫിൽ, പി.എച്ച്.ഡി കോഴ്സുകളിലായി മുൻവർഷങ്ങളിൽ പഠനം പൂർത്തിയാക്കിയ പൂർവ്വ വിദ്യാർത്ഥികളുടെ സംഗമം ആഗസ്റ്റ് 29 ബുധനാഴ്ച 10 മണിക്ക് കാര്യവട്ടം ക്യാംപസിൽ സംഘടിപ്പിക്കുമെന്ന് വകുപ്പ് മേധാവി അറിയിച്ചു. പങ്കെടുക്കുന്നവർ വകുപ്പു കോർഡിനേറ്ററുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 9633812633, 0471–2308846

## ഹോട്ടൽ മാനേജ്മെന്റ് പ്ലേസ്മെന്റ് ഡ്രൈവ്

യൂണിവേഴ്സിറ്റി എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിയ്ക്കുന്ന, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ ഹോസ്പിറ്റാലിറ്റി, ഹോട്ടൽ മാനേജ്മെന്റ് ഉദ്യോഗാർത്ഥികൾക്കായി ജൂലൈ 31 ന് രാവിലെ 9.30 മുതൽ തിരുവനന്തപുരം പി.എം.ജി യിലുള്ള സ്റ്റുഡൻസ് സെന്ററിലെ യൂണിവേഴ്സിറ്റി എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ വച്ച് ഒരു സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു. Taj, Leela Raviz, Udaya Samudra, Turtle on the Beach, Hycinth തുടങ്ങിയ പഞ്ചനക്ഷത്ര ഹോട്ടലുകളിലെ Guest Service Associate, Stewards, Cook, Commi, House Keeping Associate, Waiters, Front Office Associate, Restaurant Manager തുടങ്ങിയ വിവിധ തസ്തികകളിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളിലായി നൂറിലധികം ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ ഈ മാസം 29 ാം തീയതി രാത്രി 12 മണിക്ക് മുമ്പായി https://goo.gl/r4gzcmഎന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒഴിവുകൾ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് www.facebook.com/MCCTVM സന്ദർശിക്കുക. ഫോൺ: 0471 – 2304577,9159455118

## അസൈൻമെന്റ്

വിദൂര വിദ്യാഭ്യാസ വിഭാഗം ബി.എ/ബി.എസ്.സി/ബി.കോം ഒന്ന്, രണ്ട് സെമസ്റ്ററുകളിലെ അസൈൻമെന്റുകൾ ജൂലൈ 30 നു എസ്.ഡി.ഇ യിൽ സ്വീകരിക്കുന്നതാണ്. ഇനി ഒരു അവസരം ഉണ്ടായിരിക്കുന്നതല്ല.

## സൂക്ഷ്മപരിശോധന

2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.സി.എ – സി.ബി.സി.എസ്.എസ് കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ജൂലൈ 25 മുതൽ ആഗസ്റ്റ് 1 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾ ടിക്കറ്റ്/ഐ.ഡി കാർഡുമായി പുനർമൂല്യനിർണ്ണയ വിഭാഗമായ ഇ.ജെ III യിൽ എത്തിച്ചേരേണ്ടതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2018
## എസ്.സി/എസ്.ടി. സ്പോട്ട് അലോട്ട്മെന്റ് ജൂലൈ 24–നും 26–നും.

2018–19–ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.കോളേജിലും, തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിലും ജൂലൈ 26–ന് ഹാജരാകേണ്ടതാണ്. കൊല്ലം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ കൊല്ലം മുളങ്കടകം യു.ഐ.റ്റി സെന്ററിലും അടൂർ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ അടൂർ സെന്റ് സിറിൾസ് കോളേജിലും ജൂലൈ 24–ന് ഹാജരാകേണ്ടതാണ്.

രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും അതത് കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ, ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ചതിന് ശേഷം മാത്രമേ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (840/– രൂപ) കൈയിൽ കരുതേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ രജിസ്ട്രേഷൻ ഫീസായ 350/– രൂപയും ഒടുക്കേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 840/– രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018
## യു.ഐ.റ്റി/സ്വാശ്രയ കോളേജുകളിലെ പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള യു.ഐ.റ്റി./സ്വാശ്രയ കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ തങ്ങൾ ഓപ്ഷനായി (കോളേജും കോഴ്സും) നൽകിയിട്ടുള്ള യു.ഐ.റ്റി./സ്വാശ്രയ കോളേജുകളിൽ ഓൺലൈൻ അപേക്ഷ

യുടെ പ്രിന്റൗട്ട് ജൂലൈ 21 മുതൽ ജൂലൈ 24-നകം സമർപ്പിക്കേണ്ടതാണ്. 24-ാം തീയതി വരെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് സർവകലാശാല റാങ്ക് പട്ടിക തയ്യാറാക്കും. ഇത്തര ത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കോളേജുകളിൽ 31.07.2018 വരെ പ്രവേശനം നടക്കും. സർവകലാശാലയിലേക്ക് അപേക്ഷകൾ അയയ്ക്കേണ്ടതി ല്ല.

## റീ-നോട്ടിഫിക്കേഷൻ

സർവകലാശാലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഫിനാൻസ് ഓഫീസറെ നിയമിക്കു ന്നതിനുള്ള റീ-നോട്ടിഫിക്കേഷൻ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് 24 വൈകുന്നേരം 5 മണിക്ക് മുമ്പായി അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സപ്തദിന ശില്പശാല

സർവകലാശാല ഗവേഷക യൂണിയന്റെയും ഐ.ക്യൂ.എ.സി യുടേയും ആഭിമുഖ്യത്തിൽ നടക്കുന്ന സപ്തദിന ശില്പശാല ജൂലൈ 24 ാം തീയതി 11 മണിക്ക് കാര്യവട്ടം ക്യാമ്പസിലെ ബോട്ടണി സെമിനാർ ഹാളിൽ നടക്കും. ഡോ.ഗബ്രിയേൽ സൈമൺ തട്ടിലിന്റെ അദ്ധ്യക്ഷത യിൽ ചേരുന്ന ഉദ്ഘാടന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. ഡോ.രാജൻ ഗുരുക്കൾ ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കും. വൈസ് ചാൻസിലർ ഇൻ ചാർജ് ഡോ.സി.ഗണേഷ്, സിൻഡിക്കേറ്റ് അംഗം ഷിജുഖാൻ, ഗവേഷക യൂണിയൻ ചെയർമാൻ വിഷ്ണു കെ.പി, ജനറൽ സെക്രട്ടറി മനേഷ് പി എന്നിവർ പങ്കെടു ക്കും.

## പരീക്ഷാഫീസ്

സെപ്റ്റംബർ 3 ന് ആരംഭിക്കുന്ന രണ്ടാം വർഷ എം.എ/എം.കോം പരീക്ഷയ്ക്ക് (പ്രൈവറ്റ് രജിസ്ട്രേഷൻ) പിഴയില്ലാതെ ആഗസ്റ്റ് 8 വരെയും 50 രൂപ പിഴയോടെ ആഗസ്റ്റ് 10 വരെയും 125 രൂപ പിഴയോടെ ആഗസ്റ്റ് 14 വരെയും അപേക്ഷിക്കാം.

തിരുവനന്തപുരം.
23.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ